(ബി) സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങളുടെ വിവരം നൽകുമോ?

ഉത്തരം

(എ) പുതുക്കിയ പാഠപുസ്തകങ്ങളിൽ ദേശസ്നേഹപരമായ പാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) സർക്കാർ പ്രസ്സിൽ അച്ചടിച്ച പാഠപുസ്തകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പാഠപുസ്തകത്തിന്റെ പേര്	അച്ചടിച്ച പ്രസ്സിന്റെ പേര്	ക്ലാസ്സ്	ആകെ എണ്ണം	അച്ചടി പൂർത്തിയായത്
ബേസിക് സയൻസ്	ഗവ. പ്രസ്സ് ഷൊർണ്ണൂർ	5	3,50,000	3,50,000
മലയാളം പാഠാവലി	ഗവ. പ്രസ്സ് വാഴൂർ	5	5,50,000	3,00,000
ഹിന്ദി പാഠാവലി	ഗവ. പ്രസ്സ് വാഴൂർ	5	5,50,000	3,00,000
ബേസിക് സയൻസ്	ഗവ. പ്രസ്സ് മണ്ണന്തല	5	2,00,000	50,000
	ആകെ		16,50,000	10,00,000

കെ.ഇ.ആർ. പരിഷ്ക്കരണ കമ്മിറ്റി

30 (813)ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.ആർ. പരിഷ്കരണ കമ്മിറ്റി അതിന്റെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഭേദഗതികളോടെ കെ.ഇ.ആർ. പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നടപടി ക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) ഇല്ല. താമസിയാതെ പൂർത്തിയാക്കുന്നതാണ്.

(ബി)&(സി) കെ.ഇ.ആർ. പരിഷ്കരണ സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly